**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2125 06.10.2016 – ൽ മറുപടിക്ക്**

# മൈത്രക്കടവ് പാലം

| **ചോദ്യം** | | **മറുപടി** | |
|---|---|---|---|
| **ശ്രീ.എ.പി. അനിൽ കുമാർ :** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ മൈത്രക്കടവ് പാലത്തിന് ഒരേ ജോലി ചെയ്തതിന് കരാറുകാരന് രണ്ടുതവണ പണം നൽകിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ലക്ഷം രൂപയാണ് ഇപ്രകാരം കരാറുകാരന് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | (എ) | മലപ്പുറം ജില്ലയിലെ മൈത്രക്കടവ് പാലത്തിന് ഒരേ ജോലി ചെയ്തതിന് കരാറുകാരന് രണ്ടുതവണ പണം നൽകിയതായി കണ്ടെത്തിയിട്ടുണ്ട്. 1492714 രൂപയാണ് കരാറുകാരന് നൽകിയിട്ടുള്ളത്. |
| (ബി) | ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ ; | (ബി) | ഇത് സംബന്ധിച്ച് ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. അന്വേഷിച്ച് നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | അധികമായി നൽകിയ തുക കരാറുകാരൻ തിരികെ അടച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പലിശ സഹിതമാണോ തുക അടച്ചതെന്ന് വ്യക്തമാക്കുമോ ? | (സി) | തുക തിരിച്ചടച്ചിട്ടുണ്ട്. പലിശ സഹിതമല്ല തുക അടച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ